# കാരുണികൻ

Vol.18 No. 06 June 2021

സമഗ്ര ദൈവശാസ്ത്ര മാസിക



## വചനബോധി
## ലത്തീൻ

# വചനബോധി
## ലത്തീൻ

**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഡോ.ലോറൻസ് കുലാസ്
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ
- ഫാ.സ്റ്റെബിൻ വിതയത്തിൽ

## ഉള്ളടക്കം

**ജൂലൈ 04___ ആണ്ടുവട്ടം 14-ാം ഞായർ**
**Page : 03**
**എസെ 2:2 – 5; 2 കോറി 12:7 – 10; മർക്കോ 6:1 – 6**
- ഡോ. ലോറൻസ് കുലാസ്
- ഫാ. ഡീജോ OFM Cap

**ജൂലൈ 11___ ആണ്ടുവട്ടം 15-ാം ഞായർ**
**Page : 09**
**ആമോ 7:12 – 15; എഫേ 1:3 – 14; മർക്കോ 6:7 – 13**
- ഡോ. ലോറൻസ് കുലാസ്
- ഫാ. മാത്യു ജോംസൺ തോട്ടുങ്കൽ

**ജൂലൈ 18___ ആണ്ടുവട്ടം 16-ാം ഞായർ**
**Page : 15**
**ജറെ 23:1 – 6; എഫേ 2:13 – 18; മർക്കോ 6:30 – 34**
- ഡോ. ലോറൻസ് കുലാസ്
- ഫാ. ജോയ് ജെ.കപ്പൂച്ചിൻ

**ജൂലൈ 25___ ആണ്ടുവട്ടം 17-ാം ഞായർ**
**Page : 22**
**2 രാജാ 4:42 – 44; എഫേ 4:1 – 6; യോഹ 6:1 – 15**
- ഡോ. ലോറൻസ് കുലാസ്
- ഫാ. ജോൺസൺ തൗണ്ടയിൽ

# ജൂലൈ 04
# ആണ്ടുവട്ടം 14 – ാം ഞായർ

## ഭാഷ്യം
എസെ 2:2-5; 2 കോറി 12:7-10

മർക്കോ 6:1-6

## സന്ദർഭം

യേശുവിന്റെ ഗലീലിയിലുള്ള രണ്ടാംഘട്ട ശുശ്രൂഷയാണ് മർക്കോസ് 3:7-6:6a-യിൽ വിവരിക്കുന്നത്. അഞ്ചാം അധ്യായത്തിൽ വിവരിക്കപ്പെടുന്ന മൂന്ന് അദ്ഭുതങ്ങൾ യേശുവിന്റെ ശുശ്രൂഷയിലെ ദൈവികശക്തി വെളിപ്പെടുത്തുന്നു. ഈ മൂന്ന് അദ്ഭുതങ്ങളിലൂടെ യേശു പൈശാചികശക്തിയേയും (5:1-20), തീരാവ്യാധിയേയും (5:24a -34) മരണത്തേയും (5:21-23,35-43) ദുരീകരിച്ചുകൊണ്ട് അതിന് അടിമകളായിരുന്നവരെ ജീവനിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. ജായ്റോസും രക്തസ്രാവക്കാരിയും യേശുവിനെക്കുറിച്ച് കേട്ടറിഞ്ഞതിലൂടെ യേശുവിന് തങ്ങളെ സഹായിക്കാൻ കഴിയുമെന്ന് ഉറച്ചു വിശ്വസിച്ചിരുന്നു. ഇവിടെ ഇവർ പ്രകടിപ്പിക്കുന്ന വിശ്വാസം യേശുവിന്റെ സ്വന്തം നാട്ടിലെ - നസ്രത്തിലെ -ജനതയ്ക്ക് ഉണ്ടായിരുന്നില്ല. ഇന്നത്തെ വചനഭാഗത്ത് നസ്രത്തുകാരുടെ വിശ്വാസരാഹിത്യത്തെയും ദുരാരോപണത്തെയുംക്കുറിച്ച് മർക്കോസ് നമ്മെ അറിയിക്കുന്നു.

## സാരം

1. യേശു തന്റെ പരസ്യജീവിതവുമായി ബന്ധപ്പെട്ട് സ്വദേശമായ നസ്രത്തിലെ കുറെപേരെങ്കിലും ആശാരിപണിയിൽ ഏർപ്പെട്ടിരുന്നവരായിരുന്നു. യേശുവും ഈ തൊഴിൽ സ്വീകരിച്ചിരുന്നതായി മർക്കോസ് സൂചന നല്കുന്നു (6:3). അന്ന് ഗലീലി സമൃദ്ധിയുള്ളൊരു നാടായിരുന്നു. ആയതിനാൽ യേശുവും കുടുംബക്കാരും കുടികിടപ്പ് കർഷകരോ കൂലിവേലക്കാരോ ആയിരുന്നില്ല. എന്നാൽ മരപ്പണി

കുലത്തൊഴിൽ ആയതിനാലും നിയമപഠനത്തിലോ മറ്റ് പാണ്ഡിത്യമേഖലയിലോ വ്യാപരിക്കാതിരുന്നതിനാലും സമൂഹത്തിലെ ഉന്നത ഗണത്തിൽപ്പെട്ട ഒരാളായി മറ്റുള്ളവർ യേശുവിനെ അംഗീകരിച്ചിരുന്നില്ല. നിയമം പഠിക്കാനും അവയെ വ്യാഖ്യാനിക്കാനും വിദ്യാസമ്പന്നരായ കുലീനഗണത്തിൽപ്പെട്ടവർക്കുമാത്രമേ അവകാശമുണ്ടായിരുന്നുള്ളൂ. ഈ അവസരത്തിൽ മരപ്പണി കുലത്തൊഴി ലായി സ്വീകരിക്കേണ്ടയാൾ ആ സ്ഥാനം ഉപേക്ഷിച്ച് ഉന്നതമായൊരു സ്ഥാനം അലങ്കരിക്കത്തക്കവണ്ണം നിയമം ഗ്രഹിക്കുകയും അത് വ്യാഖ്യാനിക്കുകയും ചെയ്തപ്പോൾ അത് അംഗീകരിക്കാനുള്ള വൈമനസ്യമാണ് നസ്രത്തിലെ നിവാസികൾ യേശുവിനുനേരെ പ്രകടിപ്പിച്ചത്.

2. മരപ്പണിക്കാരൻ എന്ന ആരോപണം മാത്രമല്ല മറ്റ് ആരോപണങ്ങളും യേശുവിനെതിരെ നസ്രത്ത് നിവാസികൾ ഉന്നയിക്കുന്നു. അവയിലൊന്ന് പുരുഷമേധാവിത്വം നിലനിർത്തി പോന്നിരുന്ന ഒരു സമൂഹത്തിൽ യേശു മറിയത്തിന്റെ മകൻ എന്ന് ആരോപണമാണ് (6:3). യേശുവിനെ ഈ ജനം അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നുവെങ്കിൽ 'മറിയത്തിന്റെ മകൻ' എന്ന് സൂചിപ്പിക്കുന്നതിന് പകരം 'ജോസഫിന്റെ മകൻ' എന്ന് സംബോധന ചെയ്യുമായിരുന്നു. യേശുവിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള സംശയാസ്പദമായൊരു സൂചന ഈ ചോദ്യത്തിൽ നിഴലിക്കുന്നു. അപ്രകാരം മറിയത്തിന്റെ മകനെന്നുള്ള ആരോപണത്തോടൊപ്പം യാക്കോബ്, യോസെ, യൂദാസ്, ശിമയോൻ എന്നിവർ യേശുവിന്റെ സഹോദരങ്ങൾ ആണെന്നതും ആരോപണത്തിന്റെ മറുവശമാണ്. ഈ സഹോദരരുടെയും കുലത്തൊഴിൽ മരപ്പണിതന്നെയാകാനാണ് സാധ്യത. അങ്ങനെയെങ്കിൽ അവർക്കാർക്കും ലഭിക്കാത്ത പാണ്ഡിത്യവും വിവേകവും യേശുവിന് എങ്ങനെ ലഭിച്ചുവെന്നുള്ളതാണ് സഹോദരബന്ധം ഉയർത്തിക്കൊണ്ടുള്ള അവരുടെ ചോദ്യം. ഇവിടെ 'സഹോദരർ' എന്ന പ്രയോഗം വ്യക്തമായൊരു വ്യാഖ്യാനത്തിന് വിധേയമാക്കേണ്ടതുണ്ട്. 6:17-ൽ അർധ സഹോദരന് (half-brother) 'സഹോദരൻ' എന്ന മേൽവിലാസം മർക്കോസ് നല്കുന്നുണ്ട്. ഹേറോദേസും പിലിപ്പോസും അവരുടെ പിതാവായ മഹാനായ ഹേറോദേസിന് രണ്ട് ഭാര്യമാരിൽ ഉണ്ടായ മക്കളാണ്. ആയതിനാൽ ഇവിടെ യേശുവിന്റെ സഹോദരർ എന്ന് ചൂണ്ടിക്കാട്ടുമ്പോൾ അവർ മറിയത്തിന്റെ ഉദരത്തിൽ ജനിച്ചവരല്ല എന്നാണ് സാരം. എന്നിരുന്നാലും മർക്കോസ്

സുവിശേഷകൻ യേശുവും സഹോദരരുമായുള്ള ബന്ധത്തിന്റെ ആഴ ങ്ങളിലേക്ക് വായനക്കാരെ ക്ഷണിക്കുന്നില്ല. മറിച്ച്, തൊഴിൽപരമായി മരപ്പണിക്കാരനായ യേശുവിന് ലഭിച്ച അപൂർവമായ അറിവിനെ ന സ്രത്തുകാർക്ക് അംഗീകരിക്കാൻ കഴിയുന്നില്ലായെന്ന് മർക്കോസ് വിവക്ഷിക്കുന്നു.

3. തന്റെ നേർക്ക് ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളോടും അപ കീർത്തി പരാമർശങ്ങളോടും യേശു എപ്രകാരം പ്രതികരിക്കുന്നു വെന്ന് മർക്കോസ് തുടർന്ന് രേഖപ്പെടുത്തുന്നു. പ്രസിദ്ധമായ ഒരു പഴമൊഴി ഉദ്ധരിച്ച്, തന്റെ കാര്യത്തിലും അത് അന്വർത്ഥമാകുന്നു വെന്ന് യേശു സ്ഥാപിക്കുന്നു (6:4). ആദ്യകാല പഴമൊഴി ഇപ്രകാര മായിരുന്നു: "ഒരു പ്രവാചകനും സ്വദേശത്ത് ഒഴികെ മറ്റൊരിടത്തും അവഗണിക്കപ്പെടുന്നില്ല." മർക്കോസ് 'സ്വദേശം' എന്നതിനോടൊപ്പം ബന്ധുജനങ്ങളെയും സ്വഭവനത്തെയും കൂട്ടിച്ചേർത്തുകൊണ്ട് ഈ വരമൊഴിയെ കുറെക്കൂടി വിപുലീകരിക്കുന്നു. 6:1-6 ന്റെ പശ്ചാത്ത ലത്തിൽ യേശുവിനെ തിരസ്കരിക്കുന്നത് സ്വദേശവാസികളാണ്. ബന്ധുജനം യേശുവിനെ തിരസ്കരിക്കുന്നതായി 3:21 ന്റെയും സ്വഭ വനം യേശുവിനെ അംഗീകരിക്കുന്നില്ല എന്ന വസ്തുത 3:31 ന്റെയും അടിസ്ഥാനത്തിൽ വായനക്കാർക്ക് ഗ്രഹിക്കാൻ കഴിയും. (3:21– "അവൻെറ സ്വന്തക്കാർ ഇതുകേട്ട്, അവനെ പിടിച്ചുകൊണ്ടുപോ കാൻ പുറപ്പെട്ടു. കാരണം, അവനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നു വെന്ന് അവർ കേട്ടിരുന്നു." 3:31– "അവൻെറ അമ്മയും സഹോദരൻ മാരും വന്നു പുറത്തുനിന്നുകൊണ്ട് അവനെ വിളിക്കാൻ ആളയ ച്ചു"). നസ്രത്തെന്ന പട്ടണവും ബന്ധുജനങ്ങളും സ്വഭവനവും യേശു വിനെ തിരസ്കരിക്കുന്നതുവഴി യേശുവിലുള്ള വിശ്വാസരാഹിത്യ ത്തിന് ആക്കം കൂടുന്നു. ഇതിന് വിപരീതമായി നിലകൊള്ളുന്നതാണ് യേശുവിൽ വിശ്വസിച്ചവരുടെ അനുഭവങ്ങൾ, പ്രത്യേകിച്ച് അഞ്ചാം അധ്യായത്തിലെ മൂന്ന് അദ്ഭുതങ്ങൾ.

4. ബാബിലോൺ പ്രവാസകാലത്ത് യഹൂദരുടെ ഇടയിൽ പ്രവാ ചകശുശ്രൂഷ നിർവഹിച്ച എസെക്കിയേലിന് പ്രവാചകനാകാനുള്ള വിളിയുണ്ടായി. ദൈവം ബാബിലോണിൽ ഇടപെടുകയില്ലെന്നും അ തുകൊണ്ട് എസെക്കിയേലിന്റെ വിളി യഥാർത്ഥമല്ലെന്നും പ്രവാസ ത്തിലായിരുന്ന യഹൂദർ കരുതി. അക്കാലത്ത് യഹൂദചിന്താഗതിയ നുസരിച്ച് തങ്ങളുടെ ദൈവം അന്യനാട്ടിൽ പ്രത്യക്ഷപ്പെടുകയില്ല.

അതുകൊണ്ട് എസെക്കിയേൽ തനിക്കുണ്ടായ ദൈവവിളിയെപ്പറ്റി എഴുതുന്നു. രണ്ട് ഘട്ടങ്ങളിലായാണ് എസെക്കിയേലിന് വിളി ലഭിച്ചത്: ഒന്നാം ഘട്ടത്തിൽ അദ്ദേഹത്തിന് ദർശനമുണ്ടാകുന്നു (1:4–28). ഒരു പ്രവാചകനാകാൻ നിയോഗിക്കപ്പെടുകയും ചെയ്യുന്നു. എസെക്കിയേൽ നല്കേണ്ട സന്ദേശത്തിന്റെ ഉള്ളടക്കവും നല്കപ്പെടുന്നു (2:1–3:15). രണ്ടാം ഘട്ടം സംഭവിച്ചത് ഏഴു ദിവസം കഴിഞ്ഞാണ്. ഇസ്രായേലിന്റെ ഒരു കാവൽക്കാരനാകാൻ അദ്ദേഹത്തോട് ആവശ്യപ്പെടുന്നു (3:16–21). വിളിയുടെ ഒന്നാം ഘട്ടത്തിലെ ചില വാക്യങ്ങളാണ് ഇന്നത്തെ വായന. എഴുന്നേറ്റു നില്ക്കാൻ എസെക്കിയേലിനോട് ദൈവമഹത്ത്വം കല്പിച്ചു. ആത്മാവ് അദ്ദേഹത്തിലേക്ക് പ്രവേശിക്കുകയും അദ്ദേഹം എഴുന്നേറ്റു നില്ക്കുകയും ചെയ്തു. കലഹിക്കുന്ന ഇസ്രായേൽജനതയുടെ ഇടയിൽ ഒരു പ്രവാചകനായിരിക്കാൻ ദൈവമഹത്ത്വം അദ്ദേഹത്തെ നിയോഗിച്ചു. എസെക്കിയേലിന്റെ പ്രവാചകശുശ്രൂഷ എളുപ്പമുള്ളതല്ലെന്ന് ദൈവം മുന്നറിയിപ്പ് നല്കി. അദ്ദേഹം ശത്രുതയും എതിർപ്പും നേരിടേണ്ടിവരും. സ്വന്തം ജനത്തിൽനിന്നു മർദനംപോലും ഏൽക്കേണ്ടിവരും. കാരണം ബാബിലോൺ ജറുസലെം കീഴടക്കിയപ്പോൾ (ബിസി 598) ദൈവത്തിന് ശക്തി നഷ്ടപ്പെട്ടുവെന്ന് യഹൂദർ കരുതി.

## സന്ദേശം

എസെക്കിയേൽ പ്രവാചകനും മർക്കോസ് സുവിശേഷകനും സ്വന്തം ജനം അവരുടെ ദൈവത്തെയും ദൈവപുത്രനെയും നിരാകരിക്കുന്നതായി പ്രസ്താവിക്കുന്നു. ബാബിലോൺ പ്രവാസത്തിന്റെ ഫലമായി ദൈവത്തിന്റെ ശക്തി തങ്ങളുടെ ഇടയിൽ അപ്രത്യക്ഷമായി എന്ന് യഹൂദർ ധരിച്ചു. സാധാരണക്കാരായ മരപ്പണിക്കാരുടെ ഇടയിൽനിന്നും ദൈവപുത്രൻ ഉദയംകൊള്ളുന്നുവെന്ന സത്യം അംഗീകരിക്കാൻ കഴിയാത്ത ധിക്കാരികളായി നസ്രത്ത് പട്ടണനിവാസികൾ നിലകൊള്ളുന്നു. ദൈവത്തിന്റെ വഴികൾ തികച്ചും വിചിത്രമാണ്. മുൻവിധികൾക്ക് ഇടം കൊടുക്കാതെ സാധാരണവും അപ്രതീക്ഷിതവുമായ വഴികളിലൂടെ പ്രവർത്തിക്കുന്ന ദൈവത്തെ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ കർത്തവ്യം.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## അവൻ വ്യത്യസ്തനാണ്

യേശുവിനെ, സ്വന്തം നാടായ നസ്രത്തിലെ ജനങ്ങൾ തിരസ്ക രിക്കുന്നതാണ് വചനസന്ദർഭം. വാക്കിലും പ്രവർത്തിയിലും വ്യത്യ സ്തനായ ക്രിസ്തുവിനെയാണ് അവർ സംശയദൃഷ്ടിയോടെ നോ ക്കുന്നത്. വെറുമൊരു തച്ചന്റെ മകനായ യേശുവിന് എങ്ങനെ ഇത്ത രത്തിൽ പണ്ഡിതനെപ്പോലെ സംസാരിക്കാൻ കഴിയുന്നു. തച്ചനാ യിരുന്ന അവൻ ഇന്ന് റബ്ബിയായിരിക്കുന്നു, കൂടെ കുറെ ശിഷ്യന്മാ രും. അവന്റെ വാക്ക് കേട്ടവർ അത്യധികം ആശ്ചര്യത്തോടെയാണ് അവനെ ശ്രവിച്ചത്. എന്നാൽ സംശയത്തോടെയുള്ള അവരുടെ ഇട പെടൽ അവർക്കുതന്നെ ദോഷം ചെയ്തു.

**ഇവൻ ആ തച്ചന്റെ മകനല്ലേ**: ഈ സംബോധന ഒരിക്കലും ശുഭസൂചകമായതല്ല. വളരെ സ്നേഹത്തോടും പരിഗണനയോടെ യുമാണ് നാട്ടുകാർ ഈശോയെ സ്വീകരിച്ചത്. വചനഭാഗത്തെ 2-ാം വാക്യത്തിലെത്തുമ്പോൾ രംഗം മാറുന്നു. പണ്ഡിതർമാത്രം കൈകാ ര്യംചെയ്യേണ്ട തിരുവെഴുത്തുകളുടെ വ്യാഖ്യാനം ഈ തച്ചൻ എന്ത ധികാരത്തിൽ ചെയ്യുന്നു എന്ന പരിഹാസമാണിതിന്റെ പിന്നിൽ.

വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിന്റെ പ്രത്യേകതയാണ് യേശുവിന്റെ നാമം. സുവിശേഷത്തിലുടനീളം രാജാക്കന്മാർ, മതപ ണ്ഡിതർ, ജനക്കൂട്ടം, ശിഷ്യന്മാർ, കുടുംബാംഗങ്ങൾ എന്നിവരുടെ യെല്ലാം വ്യത്യസ്ത അഭിപ്രായങ്ങൾ നാം കേൾക്കുന്നു. മർക്കോസ് സുവിശേഷകൻ യേശു ആരാണ് എന്ന് അനുവാചകരെകൊണ്ടുത ന്നെ അഭിപ്രായരൂപീകരണം നടത്തുകയാണ്. ഒരു തച്ചനിൽനിന്നും നേതാവിൽനിന്നും റബ്ബിയിൽനിന്നും യേശുവിലു ള്ള വിശ്വാസം അര ക്കിട്ടുറപ്പിക്കുന്ന വചനഭാഗമാണ് നാം കേട്ടത്.

**അവന് അവിടെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല**: ഇവിടെ അവന് ഒന്നും ചെയ്യാൻ കഴിയാത്തത് അവരുടെ വിശ്വാസരാഹിത്യമാണെന്ന് വ്യക്തമായി പറയുന്നു. സ്വന്തം നാട്ടുകാർക്ക് യേശു അത്ഭുതം ചെയ്യു ന്നവനായി ഹൃദയംകൊണ്ട് മനസ്സിലാക്കാനോ അംഗീകരിക്കാനോ കഴിയുന്നില്ല. അങ്ങനെയിരിക്കേ, അവൻ അത്ഭുതം പ്രവർത്തിക്കു ന്നത് വ്യക്തിമാഹാത്മ്യം ഉയർത്താൻവേണ്ടിമാത്രം ചെയ്യുന്ന

പ്രവർത്തനമായി മാറും. 'പാത്രമറിഞ്ഞേ വിളമ്പാവൂ' അല്ലാത്തപക്ഷം അത് വ്യക്തിപൂജയ്ക്ക് വഴിയൊരുക്കും.

പലപ്പോഴും യേശു നമുക്ക് വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലൂടെ സൂചനകളും അനുഗ്രഹങ്ങളും അടയാളങ്ങളും നൽകുമ്പോൾ, യേശുവിന്റെ സ്വന്തം നാട്ടുകാർ ചെയ്തതുപോലെ സംശയദൃഷ്ടിയോടെ നാം നോക്കാറുണ്ട്. സഹോദരങ്ങളിലൂടെ ദൈവിക സാന്നിധ്യം വെളിപ്പെടുന്ന അവസരങ്ങളിലും സംശയാലുക്കളാകാതെ വിശ്വാസത്തിന്റെ കണ്ണുകളാൽ നോക്കാൻ പരിശ്രമിക്കാം. ഹൃദയത്തിൽ കപടതയില്ലാതെ ദൈവത്തിന്റെ സ്വന്തമായി നാം ഉയരുകയാണെങ്കിൽ ഉറപ്പായും നമ്മുടെ കണ്ണുകൾ അദ്ഭുതം ദർശിക്കും.

**ഫാ. ഡീജോ OFM. Cap.**

# ജൂലൈ 11
# ആണ്ടുവട്ടം 15–ാം ഞായർ

## ഭാഷ്യം

### ആമോ 7:12-15; എഫേ 1:3-14; മർക്കോ 6:7-13

## സന്ദർഭം

യേശുവിന്റെ ഗലീലിയൻ ശുശ്രൂഷാദൗത്യത്തിന്റെ ആരംഭവും പുരോഗതിയും മർക്കോസ് 1:1–6:6–ൽ വിവരിക്കുന്നു. നസ്രത്തിലെ ജനങ്ങളുടെ അപവാദത്തിന്റെയും വിശ്വാസരാഹിത്യത്തിന്റെയും വിവരണത്തോടെ (6:1–6) സുവിശേഷകൻ ഈ ശുശ്രൂഷയുടെ രണ്ടാം ഘട്ടം മൂർധന്യത്തിൽ എത്തിക്കുന്നു (3:7–6:6). നസ്രത്ത് സംഭവത്തിനുശേഷം യേശു പിന്നീട് ഒരിക്കലും സിനഗോഗിൽ പ്രവേശിക്കുന്നില്ല. ഇത് സൂചിപ്പിക്കുന്നത് ഔദ്യോഗിക യഹൂദമതത്തിൽനിന്നുള്ള യേശുവിന്റെ പിൻവാങ്ങലും യഹൂദപ്രമാണികളിൽ നിന്നുമുള്ള അകൽച്ചയുമാണ്. സുവിശേഷത്തിന്റെ അടുത്ത ഭാഗത്തിൽ മർക്കോസ് നല്കുന്ന പൊതു പ്രമേയം യേശു ശിഷ്യർക്ക് ക്രമാനുഗതം സ്വയം വെളിപ്പെടുത്തുന്നതാണ് (6:7–10:52). പ്രസ്തുത ഭാഗത്തിന്റെ ആദ്യ വിവരണം ശിഷ്യർക്ക് ദൗത്യം നല്കുന്നതാണ് (6:7–13). ശിഷ്യത്വത്തിന്റെ അപ്പസ്തോലിക ലക്ഷ്യം യാഥാർത്ഥ്യമാകുന്നതാണ് ദൗത്യത്തെ സംബന്ധിച്ച ഈ വിവരണം.

## സാരം

1. യേശു ശിഷ്യരെ വിളിക്കുന്ന വിവരണത്തിൽ (1:16–20) വിളിയുടെ ലക്ഷ്യം മർക്കോസ് വ്യക്തമാക്കിയിരുന്നില്ല. വിളിക്കുശേഷം ശിഷ്യരെ അപ്പസ്തോലന്മാരായി നിയമിക്കുന്ന അവസരത്തിലാണ് മർക്കോസ് വിളിയുടെ ലക്ഷ്യം വ്യക്തമായി പ്രതിപാദിക്കുന്നത്: "തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനും" (3:14–15). ഈ അപ്പസ്തോലിക ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്

യേശു ശിഷ്യരെ ദൗത്യം നല്കി അയയ്ക്കുന്നു (6:7-13). പ്രസംഗിക്കുന്നതിനും രോഗശാന്തി നല്കുന്നതിനും പിശാചുക്കളെ പുറത്താക്കുന്നതിനുമാണ് അവർ അയയ്ക്കപ്പെടുന്നത് (6:12-13). യേശുവിന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയെന്നോണമാണ് അപ്പസ്തോലർ നിർവഹിക്കേണ്ട പ്രേ ഷിതപ്രവർത്തനങ്ങളായ പ്രസംഗം, രോഗശാന്തി, ബാധോച്ചാടനം എന്നിവയിലൂടെ യേശുവിന്റെതന്നെ ദൗത്യത്തിൽ അപ്പസ്തോലർ പങ്കുചേരാൻ ക്ഷണിക്കപ്പെടുന്നത്. യേശുവിനാൽ അയയ്ക്കപ്പെട്ടവർ എന്നനിലയിൽ അവിടുത്തെ നാമത്തിലും അധികാരത്തിലുമാണ് അവർ പ്രവർത്തിക്കേണ്ടത്. ആകയാൽ അവരുടെ പ്രവർത്തനങ്ങളിൽ യേശു സന്നിഹിതനാണ്. അപ്രകാരം ജീവിതത്തിലും പ്രേ ഷിതദൗത്യത്തിലും ശിഷ്യർ യേശുവിനോടു താദാത്മ്യം പ്രാപിക്കുന്നു.

2. പ്രേഷിതദൗത്യവുമായി ശിഷ്യരെ അയയ്ക്കുമ്പോൾ രണ്ടുപേരെ വീതമായാണ് അയയ്ക്കുന്നത്. ഇപ്രകാരമൊരു നടപടി എന്തുകൊണ്ട് യേശു സ്വീകരിച്ചുവെന്നത് വ്യക്തമല്ല. എങ്കിലും ഇതേ സംബന്ധിച്ച് ചില അനുമാനങ്ങളിൽ വായനക്കാർക്ക് എത്തിച്ചേരാം. ഒന്ന്, ആദിമസഭയിലെ പ്രേഷിതദൗത്യത്തിന്റെ സ്വഭാവസവിശേഷതയായി ഇതിനെ കണക്കാക്കാം. ഉദാഹരണമായി, പത്രോസും യോഹന്നാനും (അപ്പ 3:11;8:9); ബർണബാസും പൗലോസും (അപ്പ 11:25-26). രണ്ടാമതായി, രണ്ടുപേർ വീതം പ്രേഷിതദൗത്യത്തിനായി അയയ്ക്കപ്പെട്ടിരുന്ന നടപടിക്രമം അന്നത്തെ യാത്രാദുർഘടത്തെ തരണംചെയ്യാൻ വേണ്ടിയായിരുന്നിരിക്കും. മൂന്നാമതായി, രണ്ടോ മൂന്നോ പേരുടെ സാക്ഷ്യത്തിലായിരിക്കണം ഒരു സംഭവത്തിന്റെ സ്ഥിരീകരണം എന്ന യഹൂദ സമ്പ്രദായവും നിയമവും നടപ്പിലാക്കാൻ വേണ്ടിയാകാം (നിയ 17:6;19:15; സംഖ്യ 35:30). അവസാനമായി, യാത്രാവേളയിലുള്ള പരസ്പരസഹായത്തിനും അതിലൂടെ പ്രേഷിതദൗത്യത്തിന്റെ സാമൂഹികസ്വഭാവത്തിന് പ്രാധാന്യം നല്കാനും വേണ്ടിയായിരിക്കാം.

3. തുടർന്ന്, യാത്രയെ സംബന്ധിക്കുന്ന നിർദേശങ്ങളാണ് ലഭിക്കുന്നത്. ഭക്ഷ്യവസ്തുക്കളോ പണമോ ഒന്നിലേറെ വസ്ത്രങ്ങളോ കൂടെകൊണ്ടുപോകരുത് എന്നതാണ് നിർദേശങ്ങളിൽ ആദ്യഗണം. പ്രേഷിതരുടെ മുഖമുദ്ര ദാരിദ്ര്യവും പൂർണമായ ദൈവാശ്രയവും ആയിരിക്കണമെന്ന് വ്യക്തമാക്കുന്നതാണ് ഈ നിർദേശങ്ങൾ. യാത്രയിൽ കൂടെ കൂട്ടാവുന്നത് വടിയും ചെരുപ്പുമാണെന്ന നിർദേശമാണ്

തുടർന്ന് ലഭിക്കുന്നത്. പ്രേഷിതയാത്ര ദൈർഘ്യമേറിയതും വിഷമകരവുമാകയാൽ ഇവ അനുവദനീയമാകുന്നു. ഇപ്രകാരമുള്ള ഒരു പ്രേഷിതശൈലി ശിഷ്യരുടെ ദൗത്യത്തിന് വിശ്വാസ്യതയും ആധികാരികതയും നല്കുന്നു. നിർദേശങ്ങളിലെ മൂന്നാംഘട്ടം ശിഷ്യർ നേരിടേണ്ടിവരുന്ന സ്വീകാര്യതയെയും അതിന് വിപരീതമായ തിരസ്കരണങ്ങളെയും സംബന്ധിക്കുന്നതാണ്. ശിഷ്യർ ജനമധ്യേ അസ്വീകാര്യരാകുമ്പോൾ അവരുടെ പ്രതികരണം എപ്രകാരമായിരിക്കണമെന്നുള്ളതാണ് ഇവിടെ ശ്രദ്ധേയമായത്. അത്തരം സന്ദർഭങ്ങളിൽ ആ സ്ഥലം വിടുന്നതിനുമുമ്പു തങ്ങളുടെ കാലിലെ പൊടി അവർ തട്ടിക്കളയണം (6:11). വിജാതീയനാടുകളിൽനിന്നു പാലസ്തീനായിൽ തിരിച്ചെത്തുന്ന ഭക്തരായ യഹൂദർ തങ്ങളുടെ കാലിലെയും വസ്ത്രങ്ങളിലെയും പൊടി തട്ടിക്കളയുന്ന പതിവുണ്ടായിരുന്നു. വിശ്വസിക്കാൻ കൂട്ടാക്കാത്ത യഹൂദരെ പുറജാതികളെപ്പോലെ കണക്കാക്കുമെന്ന മുന്നറിയിപ്പുനല്കാൻ ശിഷ്യരും ഈ പ്രവൃത്തി നിർവഹിക്കണം. അപ്രകാരം പ്രേഷിതദൗത്യനിർവഹണം ഏറെ ശ്രമകരമായ ഒരു ദൗത്യമാണെന്നുള്ള സൂചനയാണ് ഇവിടെ ലഭിക്കുന്നത്.

4. നിർദേശങ്ങൾക്കനുസൃതമായി ശിഷ്യഗണം തങ്ങളെ ഭരമേൽപ്പിച്ച പ്രസംഗം, ബാധോച്ചാടനം, രോഗശാന്തി എന്നീ ദൗത്യങ്ങൾ നിർവഹിച്ചുവെന്ന വിവരണമാണ് മർക്കോസ് തുടർന്ന് നല്കുന്നത് (6:12-13). അവരുടെ പ്രസംഗത്തിൽ അനുതപിക്കാനുള്ള ആഹ്വാനമാണ് മുഖ്യമായും അടങ്ങിയിരുന്നത്. ഇത് സ്നാപകയോഹന്നാന്റെ പ്രസംഗത്തെയും (1:4) യേശുവിന്റെ പ്രബോധനങ്ങളെയും (1:15) അനുസ്മരിപ്പിക്കുന്നു. രോഗികളെ തൈലംപൂശി സുഖപ്പെടുത്തുന്ന രീതി, യഹൂദർ അനുവർത്തിച്ചുപോന്നിരുന്ന രോഗശാന്തിദായകമായ ഒരു കർമത്തെ ഓർമപ്പെടുത്തുന്നു. കൂടാതെ, രോഗികളുടെമേൽ തൈലം പൂശുന്ന പതിവ് ആദിമസഭയിലും നിലനിന്നിരുന്നു (യാക്കോ 5:14,15). രോഗശാന്തി നല്കിയതും യേശുവിന്റെ ദൗത്യത്തിന്റെ തുടർച്ചയായി നിലകൊള്ളുന്നു. യേശു പിശാചുക്കളെ ബഹിഷ്കരിച്ച അതേരീതി ശിഷ്യരും അവലംബിക്കുന്നു. അപ്രകാരം മേൽസൂചിപ്പിച്ച മൂന്ന് ദൗത്യങ്ങളും യേശുവിന്റെ നിർദേശങ്ങൾക്കനുസൃതമായി ശിഷ്യർ നിർവഹിച്ചപ്പോൾ യേശുവിന്റെ പ്രേഷിതദൗത്യങ്ങളിൽ അവരും സമാന്തരമായി പങ്കാളികളാവുകയായിരുന്നു.

5. ആമോസ് പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള ഏതാനും വാക്യങ്ങളാണ് ഇന്നത്തെ ഒന്നാം വായന. ജറോബോവാം രണ്ടാമൻ (ബി.സി. 783-743) ഇസ്രായേൽ രാജാവായിരുന്ന കാലത്താണ് ആമോസ് പ്രവചിക്കുന്നത്. വടക്കൻ രാജ്യമായ ഇസ്രായേലിലെ ഏറ്റം പ്രധാനപ്പെട്ട ആരാധനാ കേന്ദ്രമായിരുന്നു ബഥേൽ. ആമോസിന്റെ കാലത്ത് ബഥേലിന്റെ ഉത്തരവാദിത്വം നിർവഹിച്ചിരുന്നത് അമാസിയാ ആയിരുന്നു. ജറുസലെമിലെ മഹാപുരോഹിതന്റെ സ്ഥാനമാണ് അമാസിയായ്ക്ക് ബഥേലിലുള്ളത്. അതേസമയം രാജാവിന്റെ സേവകനുമാണ് അയാൾ. അതുകൊണ്ട് രാജ്യത്ത് സംഭവിക്കുന്ന അസ്വസ്ഥതകളെക്കുറിച്ച് രാജാവിനെ അറിയിക്കുക തന്റെ കടമയാണെന്ന് അമാസിയാ കരുതി. ആമോസിന്റെ പ്രവർത്തനത്തിനെതിരായി അമാസിയാ ജറോബോവാമിന് റിപ്പോർട്ട് സമർപ്പിക്കുന്നു (7:10-11). അമാസിയാ അറിയിച്ച കാര്യങ്ങളുടെ പേരിൽ ജറോബോവാം എന്ത് തിരുമാനമെടുത്തു എന്ന് ഗ്രന്ഥകാരൻ പറയുന്നില്ല. അമാസിയാതന്നെ ആമോസിനോട് ബഥേൽവിട്ടു പോകണമെന്ന് പറയുന്ന കാര്യങ്ങളും അതിന് ആമോസ് നല്കുന്ന മറുപടിയുമാണ് വായനാഭാഗം (7: 12-15). ബഥേലിൽ പ്രവചിക്കരുതെന്നാണ് അമാസിയാ ആമോസിന് നല്കുന്ന താക്കീത് (7:12-13). ബഥേൽ കർത്താവിന്റെ ആലയമല്ല; രാജാവിന്റെ സ്വകാര്യസ്ഥാപനമാണ്. അവിടെ രാജാവിനു ദോഷകരമായ യാതൊരു പ്രവർത്തനവും പാടില്ല. കർത്താവിന്റെ വചനമാണെങ്കിലും അത് രാജാവിന് ഉപകാരപ്രദമല്ലെങ്കിൽ അവിടെ പറഞ്ഞുകൂടാ. പ്രവാചകൻ എന്തുപറയണം, എവിടെ പറയണം എന്നൊക്കെ രാജാവും പുരോഹിതനുമാണ് നിശ്ചയിക്കുന്നത്. അമാസിയായ്ക്ക് ആമോസ് നല്കുന്ന മറുപടിയുടെ സാരം ശ്രദ്ധേയമാണ് (7:14-15). ഭൗതികതാത്പര്യങ്ങളോ മാനുഷികപ്രചോദനമോ അല്ല, കർത്താവിന്റെ വിളിയും ദൗത്യവുമാണ് ആമോസിനെ പ്രവാചകനാക്കി മാറ്റിയത്. താൻ എന്തുപറയണം, എവിടെ പറയണം എന്ന് രാജാവോ പുരോഹിതനോ അല്ല, കർത്താവാണു നിശ്ചയിക്കുന്നത്. കർത്താവിന്റെ മാത്രം അധികാരത്തിന്റെ കീഴിലാണ് താൻ എന്ന വിട്ടുവീഴ്ചയില്ലാത്ത ധീരമായ നിലപാടാണ് ആമോസ് സ്വീകരിക്കുന്നത്.

## സന്ദേശം

മനുഷ്യരുടെ സമ്പത്തിലോ മറ്റു കഴിവുകളിലോ ആശ്രയിക്കാതെ സമ്പൂർണ്ണ ദൈവാശ്രിത ജീവിതശൈലിയിലൂടെ യേശുവിന്റെ

ശിഷ്യരും ആമോസ് പ്രവാചകനും തങ്ങളെ ഭരമേൽപിച്ച ദൗത്യം നിർവഹിക്കുന്നു. ദൈവത്തിൽനിന്നുള്ളതാണ് തങ്ങളുടെ വിളിയെന്നും അവിടുന്ന് തന്റെ പദ്ധതികളിൽ തങ്ങളെ പങ്കെടുപ്പിക്കുകമാത്രമാണെന്നും അവർ മനസ്സിലാക്കുന്നു. ഭരമേൽപ്പിക്കപ്പെട്ട ദൗത്യത്തോട് ശരിക്കും സമർപ്പിതമായ മനോഭാവം പുലർത്താൻ നാമും ക്ഷണിക്കപ്പെടുന്നു.

**ഡോ. ലോറൻസ് കുലാസ്**

---

# പ്രസംഗം

## വചനത്തിന്റെ കരംപിടിച്ചൊരു യാത്ര

ഏറ്റവുമടുത്തുള്ളേളാരിടത്തേക്കുള്ള യാത്രയ്ക്കുപോലും ഭംഗിയുള്ളൊരു ബാഗിൽ അത്യാവശ്യസാധനങ്ങളെല്ലാം നിറച്ചുവച്ച്, യാതൊരു പോരായ്മയും വരാതിരിക്കാനായി അല്പംകൂടുതൽ പണവും കരുതി വീട്ടിൽ നിന്നിറങ്ങുന്നവരാണ് നമ്മളിൽ പലരും. ഇന്നത്തെ സുവിശേഷം ഒരല്പം അത്ഭുതത്തോടുകൂടിയൊരു യാത്രാവിവരണം നല്കുന്നുണ്ട്. യാത്രയ്ക്ക് ക്രിസ്തു കൊടുക്കുന്ന നിർദേശങ്ങളും ശിഷ്യരുടെ യാത്രാവഴികളും ഗുരുമൊഴിക്കനുസരിച്ചുള്ള യാത്രയുടെ സദ്ഫലങ്ങളും ഏഴുവചനങ്ങൾകൊണ്ട് മർക്കോസ് സുവിശേഷകൻ മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു. ഉല്ലാസയാത്രയ്ക്കായിരുന്നില്ല ക്രിസ്തു അവരെ പറഞ്ഞയച്ചത്; മറിച്ച്, ഉണർവ്വ് കൊടുക്കാൻവേണ്ടിയുള്ള യാത്രയായിരുന്നത്. അതു കൊണ്ടു തന്നെ, കൈയിലെന്തുണ്ട് എന്നുള്ളതായിരുന്നില്ല കാര്യം, ആരുടെ കൈപിടിച്ചായിരുന്നു ഈ യാത്ര എന്നുള്ളതായിരുന്നു. ആദ്യമൊരല്പം കഠിനമെന്നു തോന്നുന്നെങ്കിലും സ്വന്തം കണക്കു കൂട്ടലുകളുപേക്ഷിച്ച് ദൈവത്തെമാത്രം കൂട്ടുപിടിച്ച് അവർ നടത്തുന്ന യാത്രയുടെ അത്ഭുതപ്പെടുത്തുന്ന അനന്തരഫലം എന്താണെന്ന് അവസാനത്തെ ഒറ്റവചനത്തിലൂടെ സുവിശേഷകൻ ഇങ്ങനെ സംഗ്രഹിക്കും; "ശിഷ്യന്മാർ പുറപ്പെട്ട് ജനങ്ങളോട് അനുതപിക്കണമെന്നു പ്രസംഗിച്ചു. അനേകം പിശാചുക്കളെ പുറത്താക്കി; അനേകം രോഗികളെ തൈലംപൂശി സുഖപ്പെടുത്തി" (6:12-13). അതിൽ അനുതപിക്കാനുള്ളൊരു ആഹ്വാനവും... വിടുതലിന്റെ ശക്തിപ്പെടുത്തലും... സൗഖ്യം കൊടുക്കുന്നതിന്റെ കരുതലുമുണ്ട്.

സ്വന്തംകാര്യങ്ങളുടെ ഒറ്റത്തുരുത്തുകളിൽ ഒതുങ്ങിനിന്ന്, അനുതാപത്തിന്റെ സുവിശേഷം വിളിച്ചുപറയാനുള്ള ജീവിതനിയോഗം മറന്നുപോയ നമുക്കെന്തുകൊണ്ടാണ് വിടുതലിന്റെ കരുത്തുകൊടുക്കാനും സൗഖ്യത്തിന്റെ അഭിഷേകമേകാനും പറ്റാത്തതെന്ന് ഇപ്പോളൊന്നു ധ്യാനിച്ചാൽ പിടികിട്ടും. നമുക്കൊക്കെ ബാക്ക്അപ്പുകൾ ഒരുപാടുണ്ട്. അടുത്തുവരുന്നൊരാൾക്ക് ക്രിസ്തുവിന്റെ ദർശനവും അനുഗ്രഹവും കൊടുക്കുന്നതിനുപകരം കൊടുക്കാൻ *alternatives* സൂക്ഷിക്കുന്നവരാണ് നമ്മൾ. അതുകൊണ്ടുതന്നെ രോഗിയായി വരുന്നൊരാൾക്ക് സാന്ത്വനവസുകൾക്കുപകരം ആശുപത്രി ചെലവിനുള്ള പണം കൊടുത്ത് തൃപ്തിപ്പെടുത്തും. സങ്കടംപറയുന്ന കുഞ്ഞുങ്ങൾക്കു നമ്മൾ വചനത്തിന്റെ കരുത്തിനപ്പുറം യന്ത്രോപകരണങ്ങൾ വാങ്ങിനല്കും. തെറ്റിപോയെന്നോർമിപ്പിക്കാനായി കാലിലെ പൊടിതട്ടിക്കളയാനോ അനുതപിക്കണമെന്ന് പറയാനുള്ള ആർജ്ജവമോ വിടുതലും സൗഖ്യവും നല്കാനുള്ള അഭിഷേകമോ, ഒന്നിനും നമ്മൾ തയ്യാറല്ല. എന്നിട്ടോ, ക്രിസ്തുവിനുപകരമായി ഒരു പാടു ബാക്കപ്പുകളുമായി ആരേയും തൊടാനാവാതെ നമ്മളിങ്ങനെ യാത്ര തുടർന്നുകൊണ്ടേയിരിക്കുന്നു.

“വെള്ളിയോ സ്വർണമോ എന്റെ കൈയിലില്ല. എനിയ്ക്കുള്ളതു ഞാൻ നിനക്കു തരുന്നു. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റുനടക്കുക” (അപ്പ 3:6-7). ഇതിനപ്പുറം എന്താണ് പറയേണ്ടത്? അവന്റെ വാക്കനുസരിച്ച് നടന്നു തുടങ്ങിയവർക്ക് നല്കാനായിടത്തോളമൊന്നും മറ്റാർക്കും ഇതുവരെയും നല്കാനായിട്ടില്ല എന്നോർമയുണ്ടായാൽ മാത്രംമതി. അവന്റെ വാക്കുകളുടെ ബലത്തിൽമാത്രം ആശ്രയിച്ച് ചില മനുഷ്യർ നടത്തുന്ന യാത്രയുടെ സൗന്ദര്യം കാണുമ്പോൾ, ആ യാത്ര അവരുടെ ചുറ്റുപാടുകളിൽ കൊടുക്കുന്ന വെളിച്ചം കാണുമ്പോൾ തല കുനിക്കേണ്ടിവരാറുണ്ട്, വല്ലാത്തൊരു ഭാരം അനുഭവപ്പെടാറുണ്ട്. അവന്റെ വചനങ്ങളറിഞ്ഞിട്ടും ബദലായി കരുതി വച്ച കണക്കുകൂട്ടലുകളുടെ ഭാരംതന്നെയാവുമിത്. ഇനിയെങ്കിലും ജീവിതത്തിന്റെ കണക്കുകൂട്ടലുകളെയും സ്വപ്നപദ്ധതികളെയുമൊക്കെ മാറ്റിവച്ച് അവന്റെ വചനങ്ങൾക്കൊത്ത് ജീവിക്കാൻ ശ്രമിക്കാം. അപ്പോൾ ജീവിതത്തിലും മനസിലും ശാന്തിയും സമാധാനവും അനുഭവിക്കാനാവും.

**ഫാ. മാത്യു ജോംസൺ തോട്ടുങ്കൽ**

# ജൂലൈ 18
# ആണ്ടുവട്ടം 16–ാം ഞായർ

## ഭാഷ്യം

ജറെ 23:1-6; എഫേ 2:13-18;

മർക്കോ 6:30-34

### സന്ദർഭം

മർക്കോസ് സുവിശേഷകൻ 1:1–6:6–ൽ യേശുവിന്റെ ഗലീലിയൻ ശുശ്രൂഷാദൗത്യത്തിന്റെ ആരംഭവും പുരോഗതിയും വിവരിക്കുന്നു. തുടർന്ന് 6:7–10:52–ൽ യേശു ശിഷ്യർക്ക് ക്രമാനുഗതം സ്വയം വെളിപ്പെടുത്തുന്നതായി മർക്കോസ് രേഖപ്പെടുത്തുന്നു. ഈ ഭാഗത്ത് നല്കപ്പെടുന്ന സവിശേഷമായ ഒരു വിവരണമാണ് 'അപ്പത്തിന്റെ പ്രതിപാദനം' (6:30–8:26). ഇവിടെ യേശു അപ്പം വർധിപ്പിക്കുന്ന രണ്ട് വിവരണങ്ങൾ ഉണ്ട് (6:35–44; 8:1–10). കൂടാതെ ഇവിടെ അപ്പത്തെക്കുറിച്ച് ആവർത്തിച്ച് പരാമർശിക്കുന്നുമുണ്ട്. മർക്കോസിന്റെ സുവിശേഷത്തിൽ 21 തവണ 'അപ്പം' എന്ന പദം ഉപയോഗിക്കുന്നതിൽ 17 ഉം ഈ ഭാഗത്താണ്. 'അപ്പം' എന്ന പ്രമേയം ഈ ഭാഗത്തെ മുഴുവൻ ഒന്നിപ്പിക്കുന്നു. ആദ്യ അപ്പം വർധിപ്പിക്കൽ സംഭവത്തിന്റെ (6:35–44) ആമുഖമാണ് ഇന്നത്തെ സുവിശേഷഭാഗം (6:30–34).

### സാരം

1. അപ്പം വർധിപ്പിക്കൽ സംഭവത്തിന് മർക്കോസ് മൂന്നുവിധത്തിൽ വേദിയൊരുക്കുകയാണ്. ഒന്നാമതായി, ഒരു വിജനസ്ഥലത്ത് വിശ്രമിക്കാൻ യേശു ശിഷ്യരെ ക്ഷണിക്കുന്നതാണ് (6:30–31). ദൗത്യനിർവഹണം കഴിഞ്ഞ് ശിഷ്യരെ ഒരു വിജനസ്ഥലത്തേയ്ക്ക് യേശു അവരെ ക്ഷണിക്കുന്നു. കാരണം, യേശുവും ശിഷ്യരും ആയിരുന്ന സ്ഥലത്ത് "ഭക്ഷണം കഴിക്കാൻ പോലും അവർക്ക് ഒഴിവുകിട്ടിയിരുന്നില്ല" (6:31). 'വിജനസ്ഥലം' (uninhabit ed place) സുവിശേഷത്തിന്റെ ആദ്യ അധ്യായത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പ് വിജനസ്ഥലത്താണ് യേശു നാല്പതു ദിവ

സം ചിലവിട്ടത് (1:12–13). കൂടാതെ, ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചതിനുശേഷം വിജനസ്ഥലത്തേയ്ക്കാണ് യേശു പ്രാർത്ഥിക്കാൻ പോയത് (1:35). യേശു ശിഷ്യരെ വിജനസ്ഥലത്തേക്ക് ക്ഷണിക്കുന്നത് അവിടുന്ന് ഏകാന്തതയിൽ – പ്രാർത്ഥനയിൽ – ആയിരുന്നതുപോലെ അവരും – ശിഷ്യരും – ആയിരിക്കാൻ വേണ്ടിയാകണം. കാരണം, "നിങ്ങൾ ഒരു വിജനസ്ഥലത്തേ യ്ക്ക് വരുവിൻ" (6:31) എന്ന പ്രയോഗം 'വേർപിരിഞ്ഞ്,' 'ഏകാന്തമായി,' 'രഹസ്യമായി' ആയിരിക്കുക എന്ന ഉദ്ദേശ്യത്തെയാണ് സൂചിപ്പിക്കുന്നത്. ഒപ്പം, ശിഷ്യരെ ജനക്കൂട്ടത്തിൽനിന്നും മാറ്റിനിർത്തുന്ന വിവരണങ്ങൾ മർക്കോസ് നല്കുന്നത് യേശു ശിഷ്യർക്ക് ഉപദേശം നല്കുന്ന സന്ദർഭങ്ങളിലാണ് (4:10,34;9:2,28;13:3). അപ്രകാരം അപ്പം വർധിപ്പിക്കൽ സംഭവം ശിഷ്യരെ സംബന്ധിച്ചിടത്തോളം ഏറെ പ്രാ ധാന്യം അർഹിക്കുന്നുവെന്ന് മർക്കോസ് വിവക്ഷിക്കുന്നു.

2. അപ്പം വർധിപ്പിക്കൽ സംഭവത്തിനു ഒരുക്കപ്പെടുന്ന രണ്ടാമത്തെ വേദി, യേശുവും ശിഷ്യരും വിജനസ്ഥലത്തേക്ക് പോകുന്നതും ജനം അവരെ അനുഗമിക്കുന്നതുമാണ് (6:32–33). യേശു പറഞ്ഞതനുസരിച്ച് ശിഷ്യർ വഞ്ചിയിൽ കയറി ഒരു വിജനസ്ഥലത്തേക്ക് പോകുന്നു (6:32). ശിഷ്യർ പോയ സ്ഥലത്തിന് ഭൂമിശാസ്ത്രപരമായ പ്രാധാന്യം ഇവിടെ നല്കപ്പെടുന്നില്ല. കാരണം, ഒരു വിജനസ്ഥലത്താണ് അപ്പം വർധിപ്പിക്കൽ സംഭവം നടക്കാൻ പോകുന്നത്. ശിഷ്യർക്ക് അതിൽ സുപ്രധാനമായ ഒരു പങ്ക് വഹിക്കാനുണ്ട് എന്ന് മർക്കോസ് കണക്കാക്കുന്നു. എന്നാൽ ജനക്കൂട്ടം അവർ യാത്രചെയ്യുന്ന വഞ്ചി കാണുകയും യേശുവും ശിഷ്യരും എത്തിച്ചേരേണ്ട സ്ഥലത്ത് അവർക്കുമുമ്പേ വരുകയും ചെയ്യുന്നു (6:33). സുവിശേഷത്തിന്റെ ആദ്യ അധ്യായത്തിൽ 'വിജനസ്ഥലത്ത്' ആയിരുന്ന യേശുവിനെ ജനക്കൂട്ടം അന്വേഷിക്കുന്നുണ്ട് (1:45). അതുപോലെ ഇവിടെയും ജനക്കൂട്ടം വിജനസ്ഥലത്തേക്ക് യാത്രയായ യേശുവിനെയും ശിഷ്യരെയും അന്വേഷിക്കുന്നു (6:33). "എല്ലാ പട്ടണങ്ങളിലും നിന്ന്" (6:33) ജനങ്ങൾ യേശുവിനെ അന്വേഷിക്കുന്നത് യേശുവിന് ആ പ്രദേശത്ത് ഉണ്ടായിരുന്ന വലിയ ജനപ്രീതിയെ സൂചിപ്പിക്കുന്നു (1:45; 3:7–8). യേശുവിന്റെ സ്വന്തം പട്ടണത്തിലെ ജനത്തിന്റെ നിഷേധാത്മകമായ പ്രതികരണത്തിന് വിരുദ്ധമായി (6:1–6) ഇവിടെ ജനക്കൂട്ടം യേശുവിനോട് ശരിയായി പ്രതികരിക്കുന്നുവെന്ന് മർക്കോസ് പറയാൻ ആഗ്രഹിക്കുന്നു. അപ്രകാരം, വിജനസ്ഥലത്തുള്ള ശി

ഷ്യരുടെയും ജനക്കൂട്ടത്തിന്റെയും കൂടിവരവ് അപ്പം വർധിപ്പിക്കുന്നതിനുള്ള മറ്റൊരു വേദിയായി നിലകൊള്ളുന്നു.

3. അപ്പം വർധിപ്പിക്കൽ സംഭവത്തിന് മർക്കോസ് ഒരുക്കുന്ന മൂന്നാമത്തെ വേദി യേശുവിനു ജനത്തോട് അനുകമ്പതോന്നുന്നതാണ് (6:34). യേശുവിന് ജനക്കൂട്ടത്തെ കണ്ടപ്പോൾ അവരോടു അനുകമ്പതോന്നാൻ കാരണം, "അവർ ഇടയനില്ലാത്ത ആട്ടിൻപറ്റംപോലെ ആയിരുന്നു" എന്നതുകൊണ്ടാണ്. "ഇടയനില്ലാത്ത ആടുകൾ" എന്ന രൂപകം ജനത്തിന്റെ പൊതുവായ അവസ്ഥയെ സൂചിപ്പിക്കുന്നു. ഉദാഹരണമായി, ദൈവത്തിന്റെ ജനം 'ഇടയനില്ലാത്ത ആടുകളെപ്പോലെ ആയിപോകാതിരിക്കാൻ' മോശ കർത്താവിനോടു പ്രാർത്ഥിക്കുന്നുണ്ട് (സംഖ്യ 27:16). ഇസ്രായേൽജനം 'ഇടയനില്ലാത്ത ആടുകളെപോലെ' ചിതറിക്കപ്പെട്ടതിനെക്കുറിച്ച് പ്രവാചകന്മാർ ആവലാതിപ്പെടുന്നുണ്ട് (1 രാജാ 22:17; എസെക്കി 34:5-6). എന്നാൽ കർത്താവ് ഇടയനായി നിന്ന് ജനത്തിന് പുതുയുഗം വാഗ്ദാനം ചെയ്യുമെന്ന് എസെക്കിയേൽ പ്രവാചകൻ വ്യക്തമാക്കുന്നുണ്ട് (എസെ 34:11-16). മർക്കോസ് 'ഇടയൻ' എന്ന വാക്ക് നല്കുന്നത് പഴയനിയമത്തിൽ ദൈവത്തിന് ജനത്തിനുമേലുണ്ടായിരുന്ന ഇടയസ്ഥാനം (സങ്കീ 23:1; 80: 1) യേശു ഏറ്റെടുക്കുകയാണെന്ന് സമർത്ഥിക്കാനാണ്. വാഗ്ദാനം ചെയ്യപ്പെട്ട, ക്രിസ്തുത്വമുള്ള, ഇടയനാണ് യേശു (എസെ 34:23; ജറെ 23:4-6). അവിടുന്ന് ജനത്തെ തന്റെ അധ്യാപനത്താലും (26:34) സമൃദ്ധമായ ഭക്ഷണത്താലും (6:35-44) പരിപോഷിപ്പിക്കും. ഈ കാഴ്ചപ്പാടിലാണ് ഇടയനില്ലാത്ത ആടുകളോടു യേശുവിന് തോന്നിയ അനുകമ്പ മനസ്സിലാക്കാൻ ശ്രമിക്കേണ്ടത്. യേശുവിന്റെ മാനുഷികവികാരപ്രകടനമെന്നതിലുപരി അവിടുത്തെ ക്രിസ്തുസ്വഭാവം വെളിവാക്കാൻ മർക്കോസ് ഇവിടെ ഉദ്ദേശിക്കുന്നു. അങ്ങനെ പ്രസ്തുത വചനഭാഗം (6:30-34) മർക്കോസ് എഴുതിയത് അപ്പം വർധിപ്പിക്കൽ സംഭവം മുന്നിൽ കണ്ടുകൊണ്ടാണെന്ന് നമുക്ക് അനുമാനിക്കാം.

4. 21:11-23:8 ൽ ജറെമിയാ പ്രവാചകൻ രാജാക്കന്മാർക്കുള്ള ശിക്ഷ പ്രഖ്യാപിക്കുകയാണ്. ഇവിടെ രാജാവിനെ ഇടയനായാണ് പ്രവാചകൻ അവതരിപ്പിക്കുന്നത്. കാരണം രാജാവ് ജനത്തെ സംരക്ഷിക്കേണ്ടവനും നേരായ പാതയിൽ നടത്തേണ്ടവനും ജനത്തിനായി കാവലിരിക്കേണ്ടവനും അവരെ മുറിവേൽക്കാതെ നോക്കേണ്ടവനുമാണ്. എന്നാൽ യൂദയാരാജാക്കന്മാർ ഇടയധർമം നിർവഹിക്കു

ന്നതിൽ പരാജയപ്പെട്ടു. ജറെമിയായുടെ സമയത്ത് ജനത്തെ സം ര ക്ഷിക്കുന്നതിൽ പരാജയപ്പെട്ട രാജാവാണ് യഹോയാക്കിം (22:13–18). അപ്രകാരം വർത്തിച്ച രാജാക്കന്മാർ ശിക്ഷയ്ക്ക് വിധേയരാകും. പകരം ദൈവംതന്നെ ജനത്തിന് ഇടയനായിത്തീരുകയും ജനത്തെ നയിക്കാൻ നീതിയും ന്യായവും നടപ്പിലാക്കുന്ന ഇടയനെ നല്കുകയും ചെയ്യും. ഈ വാഗ്ദാനമാണ് ഇന്നത്തെ ഒന്നാം വായനയിൽ ഉള്ളത് (ജറെ 23:1–6). രാജാക്കന്മാർ ആട്ടിൻപറ്റത്തെ ചിതറിച്ചോടിച്ചു. അവയെ പരിപാലിച്ചില്ല. ആയതിനാൽ ദൈവം അവരുടെ ദുഷ്കൃത്യങ്ങൾക്ക് പകരം വീട്ടും (23:1–2). അധർമികളായ ഇടയന്മാർക്കുപകരം ദൈവംതന്നെ ഇടയനായി വർത്തിച്ചുകൊണ്ട് ചിതറിപ്പോയവയെ ആലയിലേക്ക് ശേഖരിക്കും (23:3). ചരിത്രപരമായി ചിന്തിക്കുമ്പോൾ യൂദയായിലെ രാജാക്കന്മാരുടെ ഉദാസീനമായ സമീപനം യൂദയാജനത്തെ ബാബിലോൺ പ്രവാസത്തിലേക്കു നയിച്ചു. പ്രവാസത്തിൽ കഴിയുന്നവരെ യൂദയായിലേക്ക് മടക്കികൊണ്ടുവരുമെന്ന വാഗ്ദാനമാണ് ദൈവം പ്രവാചകനിലൂടെ നല്കുന്നത്. ജനം 'ആലയിൽ ശേഖരിക്കപ്പെട്ടാൽ' അവരെ നയിക്കാൻ കർത്താവുതന്നെ ഇടയന്മാരെ നിയോഗിക്കും (23:4). അവരിൽ പ്രമുഖൻ 'ദാവീദിന്റെ വംശത്തിലെ നീതിയുടെ ശാഖ' (23:5) യായിരിക്കും. പുതിയ രാജ്യാധിപതി–ക്രിസ്തു–യഹോയാക്കിമിന്റെ പുത്രന്മാരിൽ നിന്നായിരിക്കില്ല; ദാവീദിന്റെ വംശത്തിൽനിന്നായിരിക്കും. പുതിയ ഇടയൻ സവിശേഷതകളോടുകൂടിയവനായിരിക്കും: ഒന്ന്, അവൻ നീതിയും ന്യായവും നാട്ടിൽ നടപ്പിലാക്കും (23:5); രണ്ട്, കർത്താവാണു ഞങ്ങളുടെ നീതി എന്ന പേരിൽ അവൻ അറിയപ്പെടും (23:6b).

## സന്ദേശം

ഇടയനില്ലാത്ത ആടുകൾക്ക് ദൈവം ഇടയനായി വർത്തിക്കുമെന്നു ജറെമിയായും യേശു ഇടയനായി മാറുമെന്ന് മർക്കോസും സ്പഷ്ടമാക്കുന്നു. ജറെമിയായിൽ ദൈവം വാഗ്ദാനം ചെയ്യുന്ന നീതിയുടെ രാജാവ് യേശുവാണ്. ഇടയനില്ലാതെ കഴിഞ്ഞിരുന്ന ജനത്തോട് ദൈവത്തിന് തോന്നിയ താത്പര്യത്തിന്റെ മൂർത്തീമത്ഭാവമായി യേശു മാറുന്നു. ദൈവത്തിന്റെ കരുതലും സ്നേഹവും അനുദിനം അനുഭവിച്ചറിയുന്ന നാം മാനവകുടുംബത്തിന്റെ യഥാർത്ഥ ഇടയൻ അവിടുന്നുതന്നെയെന്ന് നമ്മുടെ ജീവിതത്തിലൂടെ വെളിവാക്കണം.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## വേദനിക്കുന്നവരെ കൂടെച്ചേർക്കുന്ന ചേതന

എങ്ങും പ്രാണനുവേണ്ടിയല്ലേ പരക്കം പാച്ചിൽ. ആശുപത്രികളിൽ ഇടമില്ല. ജീവനുവേണ്ടി വെപ്രാളപ്പെടുന്നവർക്ക് മതിയായ ഓക്സിജനില്ല. ശ്മശാനങ്ങളിൽപ്പോലും തിരക്ക്. ഓരോ ദിവസവും എത്രയോ ജീവനാണ് പൊലിഞ്ഞുപോകുന്നത്. പ്രിയപ്പെട്ടവരുടെ മൂർധാവിൽ ഒന്ന് ചുംബിക്കാനോ, മുഖം കണ്ടൊരു അന്ത്യയാത്രാമൊഴി നൽകാനോ കഴിയാതെ മനുഷ്യർ പകച്ചുനിൽക്കുന്ന പതിവ് കാഴ്ചകളാണ് ഇപ്പോൾ തെളിയുന്ന അനുദിന ദുഃഖചിത്രം.

കോവിഡ് മഹാമാരി പടർന്നിരിക്കുന്ന ഈ കാലത്ത് ആരോഗ്യപ്രവർത്തകരുടെയും ആതുരാലയങ്ങളുടെയും നേർക്ക് യാചനയുടെ എത്രയോ കരങ്ങളാണ് നീണ്ടുവരുന്നത്. പറ്റാവുന്നത് ചെയ്യുമ്പോഴും എത്രയോ മനുഷ്യരുടെ മുന്നിൽ ഇവർ നിസ്സഹായരായിപോകുന്നു. ചിലർക്കുവേണ്ടി ഒന്നും ചെയ്തുകൊടുക്കാനുമാകാത്തവസ്ഥ. അത്രയേറെ രോഗികളുടെ ആധിക്യം അനുഭവപ്പെടുന്നു. രോഗീശുശ്രൂഷകർതന്നെ രോഗികളാകുന്നു. ഇവരും മനുഷ്യരല്ലേ, വിശ്രമമില്ലാത്ത ജീവിതം. ഈ പശ്ചാത്തലത്തോടൊപ്പം കൂട്ടിവായിക്കേണ്ട രംഗം സുവിശേഷത്തിലുണ്ട്.

ഈശോയുടെയും അപ്പസ്തോലന്മാരു ടെയും മുന്നിൽ അനേകം രോഗികൾ എത്തുന്നു. പലവിധത്തിൽ ജീവിതപ്രതിസന്ധികളിൽപ്പെട്ടവരും അക്കൂട്ടത്തിലുണ്ട്. പ്രഭാതംമുതൽ പ്രദോഷംവരെ അവരെ സൗഖ്യപ്പെടുത്തിയും സാന്ത്വനിപ്പിച്ചും പ്രതീക്ഷ നൽകിയും പ്രാർത്ഥിച്ചും അപ്പസ്തോലന്മാർ തളർന്നു. ഈശോ അവരോട് പറഞ്ഞു, "നിങ്ങൾ ഒരു വിജനസ്ഥലത്തേക്ക് വരുവിൻ, അല്പം വിശ്രമിക്കാം" (31). വിശുദ്ധഗ്രന്ഥം തുടരുന്നതിങ്ങനെയാണ്; "അവർ വഞ്ചിയിൽ കയറി ഒരു വിജനസ്ഥലത്തേക്കുപോയി. പലരും അവരെ കാണുകയും തിരിച്ചറിയുകയും ചെയ്തു. എല്ലാ പട്ടണങ്ങളിൽനിന്നും ജനങ്ങൾ കരവഴി ഓടി അവർക്കുമുൻപേ അവിടെയെത്തി (6:32-33). ക്രിസ്തുവിനെ കണ്ടെത്തി ജീവിതം നേടാൻ വേണ്ടിയുള്ള മനുഷ്യരുടെ വേഗമാണ് ഈ ഓട്ടംകൊണ്ട് മനസ്സിലാക്കേണ്ടത്.

ജീവിതഭാരവുമായിവന്ന ഒരാളോടും ഈശോയും അപ്പസ്തോലന്മാരും അവരുടെ അനന്യതകൾ അന്വേഷിക്കുന്നില്ല. ചെയ്തുകൊടു

ക്കേണ്ട നന്മയ്ക്ക് കാലവിളംബം വരുത്തിക്കൂടെന്ന് ഈശോ മനസ്സി ലാക്കിയിട്ടുണ്ട്. കോവിഡിനെ അതിജീവിക്കാൻ ആരോഗ്യപ്രവർത്ത കരും പൊലീസും സന്നദ്ധപ്രവർത്തകരും മാധ്യമപ്രവർത്തകരും മനസ്സുകൾ ചേർത്ത് പിടിക്കുമ്പോൾ അവരിലൂടെ കർമ്മോത്സുകനാ കുന്ന ദൈവത്തെയാണ് കാണേണ്ടത്. രാപകലുകളില്ലാതെ അധ്വാ നിക്കുന്ന ഇവർക്കുവേണ്ടി നിർഗളിക്കുന്ന പ്രാർത്ഥനകളും അവരുടെ കർമ്മശൃംഖലയുടെ കണ്ണിയാ കാതിരിക്കുന്നില്ല.

ആകുലമാനസ്സരെ കണ്ടപ്പോൾ ഈശോയ്ക്ക് അനുകമ്പതോന്നി യെന്ന് സുവിശേഷം വ്യക്തമാക്കുന്നു. വേദനിക്കുന്നവരോട് ഇഴുകി ച്ചേരുന്ന ചേതനയാണ് ദൈവത്തിന്റേത്. ഇതുതന്നെയായിരിക്കണം ഓരോരുത്തരിലും ഉണരേണ്ട ചേതോവികാരം. ആവുന്നിടത്തോളം മനസ്സ് തുറന്നുപിടിച്ചാൽ എത്രയോപേർക്ക് സാന്ത്വനവും പ്രതീക്ഷ യുമുണ്ടാകും. എല്ലാവർക്കുംവേണ്ടി ജീവിതപാതകളെ ക്രമീകരിച്ചു കൊടുക്കാനായില്ലെങ്കിലും കൊടുക്കുന്നിടത്തോളം ജീവിതം അന്വർ ത്ഥമാകുന്നു. നമ്മിലൂടെ ഒരാളെങ്കിലും രക്ഷപെടുന്നുവെങ്കിൽ അത് നമ്മുടെ നിത്യരക്ഷയുടെ ആക്കം കൂട്ടും.

ഇന്നിന്റെ ദുരന്തമുഖത്ത് നിൽക്കുന്ന പലരും തങ്ങളുടെ ജീവിത വും അടുത്ത നിമിഷം വീണുപോകാമെന്ന് അറിയുന്നവരാണ്. കുഷ് ഠരോഗികളെ പരിചരിച്ച് കുഷ്ഠരോഗിയായി മരിക്കേണ്ടിവന്ന വിശുദ്ധ ഡാമിയന്റെ മനസ്സ് ഇവരിലൂടെ പ്രസരിക്കുന്നുണ്ട്. ജീവിതം ആർക്കെ ങ്കിലും പ്രകാശമാകുന്നില്ലെങ്കിൽ എന്തുഫലം എന്ന് ചിന്തിക്കുന്ന വരുടെ ചിന്തയെ ഒന്ന് കടമെടുക്കാനെങ്കിലും നമുക്കായിരുന്നെങ്കിൽ. അന്ധകാരാവൃതമാകുന്ന ജീവിതങ്ങളുടെ വഴിയിൽ ഒരു തിരിയെങ്കി ലും തെളിച്ചുവയ്ക്കുന്നില്ലെങ്കിൽ എന്തിനീജീവിതം. പരനുവേണ്ടി കൊളുത്തിയ തിരിനാളത്തെയോ ചെയ്ത പുണ്യത്തെയോ ആത്മാർ ത്ഥമായി ധ്യാനിച്ചുനോക്കൂ. നിശ്ചയമായും അനിർവചനീയ മായ ഒരു പ്രഭ ഉള്ളിൽ പരക്കുന്നതായി അനുഭവിക്കാനാകും. നീ ദൈവ ത്തിന്റെ കർമങ്ങളിൽ പങ്കാളിയായി എന്ന് മുദ്രിതമാകുന്ന അടയാള മാണിത്.

ഓരോ ആളുകളുടെയും ഹൃദയപാളിയിൽ ആലേഖനം ചെയ്തി രിക്കുന്ന നിയോഗങ്ങൾ ഉണ്ട്. അത് ആവർത്തിച്ച് വായിച്ചു റപ്പിക്ക ണം, 'അത് ചെയ്യാനാകുമെന്ന്.' ക്രിസ്തുവിനെ പിൻപറ്റിയ അപ്പസ്

തോലന്മാരുടെ ചിത്രം നമ്മുടെ ഉള്ളിൽ ഇടം നേടിയത് അങ്ങനെയാണ്. നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന നിയോഗങ്ങൾക്കനുസരിച്ച് ജീവിച്ച് ക്ലേശിച്ച് വിശ്രമത്തിനായി തണൽ തേടുമ്പോഴായിരിക്കും മറ്റൊരാളുടെ സഹായം യാചിച്ചുള്ള വരവ്. നിന്റെ ക്ലേശം നിനക്കേ അറിയൂ. ആവശ്യക്കാരന്റെ ഔചിത്യം അവന്റെ കാര്യം മെച്ചപ്പെടുത്തുകയെന്നതാണ്. അതുകൊണ്ട് അത്തരം അവസരങ്ങളിൽ ആരോടും ക്ഷോഭിക്കാതിരിക്കുക. ആത്മസംയമനത്തോടുകൂടി ഉചിതമായ നന്മകൾ ചെയ്തുകൊടുക്കാൻ ശ്രമിക്കുക. അത്, സുവിശേഷത്തിലെ ക്രിസ്തുവിന്റെ പ്രതിഛായയാണ് നിന്നിൽ ഉളവാക്കുന്നത്.

അപരന്റെ യാചിക്കുന്ന കരങ്ങളിൽ നിന്റെ കരസ്പർശമേറ്റാലും നിന്റെ കരങ്ങളിൽ അപരന്റെ സ്നേഹസ്പർശമുണ്ടായാലും, സാന്ദർഭികമായി ഒരാളുടെ കരങ്ങൾ ദൈവത്തിന്റേതായിരിക്കുമെന്ന് നമുക്കറിയാം. ദൈവ-മനുഷ്യബന്ധം ഇങ്ങനെ ഇന്നും നിലനിൽക്കണം. ദൈവത്തിന്റെ കരവേലകൾ നമ്മുടെ കർമങ്ങളിൽ ജ്വലിക്കുമ്പോൾ ദൈവം അതിൽ കൈയൊപ്പ് ചാർത്തുന്നു.

**ഫാ. ജോയ് ജെ. കപ്പൂച്ചിൻ**

# ജൂലൈ 25
# ആണ്ടുവട്ടം 17 – ാം ഞായർ

## ഭാഷ്യം

2 രാജാ 4:42–44; എഫേ 4:1–6

യോഹ 6:1–15

## സന്ദർഭം

നാലാം സുവിശേഷം പ്രധാനമായും രണ്ട് ഭാഗങ്ങളായാണ് തിരിച്ചിരിക്കുന്നത്. അടയാളങ്ങളുടെ പുസ്തകം (1:19–12:50); മഹത്ത്വത്തിന്റെ പുസ്തകം (13:1–20:29). 1:1–18 ആമുഖവും 20:30–31 ഉപസംഹാരവും 21:1–25 അനുബന്ധവുമാണ്. അടയാളങ്ങളുടെ പുസ്തകത്തിലെ 5 മുതൽ 12 വരെ അധ്യായങ്ങളിൽ സുവിശേഷകൻ നാലു യഹൂദതിരുനാളുകളുടെ പശ്ചാത്തലത്തിൽ യേശുവിന്റെ സ്വയം വെളിപ്പെടുത്തൽ നല്കുന്നു (അധ്യായം 5: സാബത്ത്; അധ്യായം 6: പെസഹ; അധ്യായം 7–10: കൂടാരത്തിരുനാൾ, പ്രതിഷ്ഠയുടെ തിരുനാൾ, അധ്യായം 11–12: പെസഹ). ആറാം അധ്യായം പെസഹാത്തിരുനാളിന്റെ പശ്ചാത്തലത്തിലാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്. മൂന്ന് വിവരണങ്ങളാണ് ഈ അധ്യായത്തിലുള്ളത്: അപ്പം വർധിപ്പിക്കൽ (6:1–15); വെള്ളത്തിനുമീതെ നടക്കൽ (6:16–24); ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണം (6:25–71). ഇന്നത്തെ സുവിശേഷഭാഗം ഇതിൽ ആദ്യത്തേതാണ്.

ആരാധനക്രമത്തിലെ B കാലചക്രത്തിൽ (B Cycle) സാധാരണയായി മർക്കോസ് എഴുതിയ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വചനഭാഗമാണ് ഞായറാഴ്ചകളിൽ വിചിന്തനത്തിനായി നല്കപ്പെടുന്നത്. എന്നാൽ 1994–ൽ പ്രസിദ്ധീകരിച്ച പരിഷ്കരിച്ച വേദപാഠക പ്രകാരം ആണ്ടുവട്ടം 17 മുതൽ 21 വരെ ഞായറുകളിൽ യോഹന്നാൻ എഴുതിയ വിശുദ്ധ സുവിശേഷം 6–ാം അധ്യായത്തിലെ വചനഭാഗങ്ങളാണ് വിചിന്തനത്തിനായി തിരുസ്സഭ നല്കുന്നത്. ദിവ്യകാരു

ണ്യത്തെക്കുറിച്ച് ആഴമായി ധ്യാനിക്കാനും ദിവ്യകാരുണ്യനാഥന്റെ പ്രവർത്തനശൈലി നമ്മിൽ രൂപപ്പെടാനും വേണ്ടിയാണിത്.

## സാരം

1. യേശു അപ്പം വർധിപ്പിക്കുന്ന സംഭവം നാല് സുവിശേഷകരും രേഖപ്പെടുത്തുന്നു (മത്താ 14:13-21; മർക്കോ 6:30-44; ലൂക്കാ 9:10-17; യോഹ 6:1-15). മത്തായിയും മർക്കോസും മറ്റൊരു വിവരണംകൂടി അപ്പം വർധിപ്പിക്കുന്ന സംഭവത്തിന് നല്കുന്നുണ്ട് (മത്താ 15:32-39; മർക്കോ 8:1-10). ഇത് സൂചിപ്പിക്കുന്നത് യേശുവിനെക്കുറിച്ചുള്ള വാമൊഴി പാരമ്പര്യത്തിൽ യേശു ജനങ്ങൾക്ക് ഭക്ഷിക്കാൻ നല്കിയത് സുപ്രധാന സ്ഥാനം നേടിയിരുന്നുവെന്നാണ്. നാല് സുവിശേഷകരും മിക്കവാറും ഉപയോഗിച്ചത് ഒരേ പാരമ്പര്യംതന്നെയാകണം. എങ്കിലും അവരുടെ വിവരണങ്ങളിൽ വ്യത്യസ്തതയും കാണാൻ കഴിയും. സമാന്തരസുവിശേഷങ്ങളിലെയും നാലാം സുവിശേഷത്തിലെയും വിവരണങ്ങളെ ഒരു താരതമ്യപഠനത്തിന് വിധേയമാക്കുമ്പോൾ നാലാം സുവിശേഷത്തിലെ ചില സവിശേഷതകൾ ശ്രദ്ധയിൽ വരും. ഒന്ന്, യഹൂദരുടെ പ്രധാന തിരുനാളായ പെസഹായോടനുബന്ധിച്ചാണ് അപ്പം വർധിപ്പിക്കൽ സംഭവം നടക്കുന്നത് (6:4); രണ്ട്, ശിഷ്യരായ ഫിലിപ്പിന്റെയും അന്ത്രയോസിന്റെയും പേരുകൾ പ്രത്യേകം പറയുന്നു (6:5,8); മൂന്ന്, യേശു അപ്പമെടുത്തു പ്രാർഥിച്ചപ്പോൾ "കൃതജ്ഞതാസ്തോത്രം ചെയ് ത്"(6:11) എന്ന് പറയുന്നു; നാല്, യേശു അപ്പം മാത്രമാണ് ആശീർവദിക്കുന്നത് (6:11); അഞ്ച്, യേശു നേരിട്ട് അപ്പം വിതരണം ചെയ്യുന്നു (6:11); ആറ്, യേശു വർധിപ്പിച്ചത് ബാർലിയപ്പമാണെന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നു (6:9,13); ഏഴ്, 'ഒന്നും നഷ്ടപ്പെടാതെ' മിച്ചമുള്ള കഷണങ്ങളെല്ലാം ശേഖരിക്കാൻ യേശു ശിഷ്യരോടു ആവശ്യപ്പെടുന്നു (6:12); അവസാനമായി, അത്ഭുതംകണ്ട ജനക്കൂട്ടത്തിന്റെ പ്രതികരണം യേശുവിനെ രാജാവാക്കുക എന്നതായിരുന്നുവെന്ന് സുവിശേഷകൻ പറയുന്നു (6:13a-15).

2. നാലാം സുവിശേഷകൻ അപ്പം വർധിപ്പിക്കൽ സംഭവത്തിൽ ഉൾച്ചേർക്കുന്ന സവിശേഷതകൾ ശ്രദ്ധയോടെ വീക്ഷിക്കുമ്പോൾ ദിവ്യകാരുണ്യദൈവശാസ്ത്രത്തിനാണ് പ്രാധാന്യം നല്കുന്നതെന്ന് വ്യക്തമാകും. സമാന്തര സുവിശേഷകർ അപ്പം വർധിപ്പിക്കൽ സംഭവത്തെ ഒരു അദ്ഭുതം മാത്രമായി കാണുമ്പോൾ നാലാം സുവിശേ

ഷകൻ പെസഹാതിരുനാളിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചുകൊണ്ട് ദിവ്യകാരുണ്യത്തിന്റെ വശം വ്യക്തമാക്കാൻ ശ്രമിക്കുന്നു. കൂടാതെ, ശിഷ്യരായ ഫിലിപ്പിന്റെയും അന്ത്രയോസിന്റെയും സംഭാഷണം ഉൾച്ചേർക്കുകവഴി സംഭവിക്കാൻ പോകുന്ന അദ്ഭുതം മനസ്സിലാക്കാനുള്ള ഏക മാർഗം വിശ്വാസമാണെന്ന് സുവിശേഷകൻ സൂചന നല്കുന്നു. കാരണം, ശിഷ്യരുടെ പ്രതികരണം സാധാരണ കീഴ്വഴക്കങ്ങൾക്കനുസരിച്ചാണ്: 'ഇത്രയും വലിയ ജനക്കൂട്ടത്തെ പോറ്റാനുള്ള ആഹാരവുമില്ല, വാങ്ങാനുള്ള സമ്പത്തികവുമില്ല.' അവരുടെ പരമ്പരാഗത നിലപാടുകൾ ജനക്കൂട്ടത്തിന്റെ ആ വശ്യങ്ങൾക്ക് പരിഹാരമാകുന്നില്ല. എന്നാൽ ജനക്കൂട്ടത്തിന്റെ ആവശ്യങ്ങൾ എപ്രകാരം നിറവേറ്റണമെന്ന് യേശുവിനു മാത്രമേ അറിയൂ.

അപ്പം വർധിപ്പിക്കൽ സംഭവത്തിലെ ദിവ്യകാരുണ്യദൈവശാസ്ത്രത്തിന്റെ ഏറെ പ്രധാനപ്പെട്ട വശം യേശു അപ്പമെടുത്ത് 'കൃതജ്ഞതാസ്തോത്രം' ചെയ്യുന്നതാണ്. ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദം *'Eucharistein'* (എവുക്കരിസ്ത്തെയിൻ) എന്നാണ്. മത്തായിയും മർക്കോസും രണ്ടാം പ്രാവശ്യം ഈ സംഭവം വിവരിക്കുമ്പോൾ ഈ ക്രിയ ഉപയോഗിക്കുന്നുണ്ട് (മത്താ 15:36; മർക്കോ 8:6). എന്നാൽ ആദ്യവിവരണത്തിൽ 'വാഴ്ത്തി' (ഗ്രീക്കിൽ *Eulogein*– 'എവുലോഗേയിൻ') എന്ന ക്രിയയാണ് ഉപയോഗിച്ചിരിക്കുന്നത് (മത്താ 14:16; മർക്കോ 6:41). അങ്ങനെയെങ്കിൽ ആദിമക്രൈസ്തവസമൂഹം ആദ്യഘട്ടത്തിൽ 'അപ്പം വർധിപ്പിക്കൽ' സംഭവത്തെ ഒരു അദ്ഭുതമായി കരുതുകയും രണ്ടാം ഘട്ടത്തിൽ അതിനെ ദിവ്യകാരുണ്യമായി പുനർവ്യാഖ്യാനിക്കുകയും ചെയ്തുവെന്നുവേണം മനസിലാക്കേണ്ടത്. നാലാം സുവിശേഷത്തിൽ ഈ പുനർവ്യാഖ്യാനം അതിന്റെ പൂർണ്ണതയിലെത്തുന്നു. അതോടൊപ്പംതന്നെ യേശു അപ്പം മാത്രം ആശീർവദിക്കുന്നതും യേശുതന്നെ നേരിട്ട് വിതരണം ചെയ്യുന്നതും 'അപ്പം വർധിപ്പിക്കൽ' ദിവ്യകാരുണ്യവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നതിന്റെ സൂചനയാണ്. കൂടാതെ, സമാന്തരസുവിശേഷകർ 'അപ്പം' ആണ് വർധിപ്പിച്ചതെന്ന് വളരെ പൊതുവായി പറയുമ്പോൾ നാലാം സുവിശേഷകൻ ബാർലിയപ്പമാണ് വർധിപ്പിച്ചതെന്ന് എടുത്തുപറയുന്നു. 'യോഹന്നാന്റെ സമൂഹത്തിൽ' ദിവ്യകാരുണ്യാഘോഷത്തിന് ഈ അപ്പം ഉപയോഗിച്ചിരുന്നതുകൊണ്ടാകാം ഇപ്രകാരം സുവിശേഷകൻ രേഖപ്പെടുത്തുന്നത്. അവസാനം "ബാക്കിയുള്ളത് ഒന്നും നഷ്ട

പ്പെടാതെ മിച്ചമുള്ള കഷണങ്ങളെല്ലാം ശേഖരിക്കുവിൻ" (6:12) എന്ന് യേശുതന്നെ കല്പ്പിക്കുന്നതായി സുവിശേഷകൻ രേഖപ്പെടുത്തുമ്പോൾ ദിവ്യകാരുണ്യത്തിലെ യേശുവിന്റെ സാന്നിധ്യത്തിന്റെ സൂചനയായി അത് മാറുന്നു.

3. അപ്പം വർധിപ്പിച്ച സംഭവം യേശു ദൈവമാണെന്ന സ്വയം വെളിപ്പെടുത്തൽ മാത്രമല്ല. നാലാം സുവിശേഷകനെ സംബന്ധിച്ചിടത്തോളം ദിവ്യകാരുണ്യത്തിലൂടെയാണ് യേശുവിന്റെ ദൈവിക സാന്നിധ്യം അനുഭവവേദ്യമാകുന്നതെന്നും ഈ സംഭവം വ്യക്തമാക്കുന്നു. യേശുവിന്റെ സ്വയംവെളിപ്പെടുത്തലും ദിവ്യകാരുണ്യവും തമ്മിൽ സുവിശേഷകൻ ബന്ധിപ്പിക്കുന്നതിന്റെ പ്രധാന കാരണം ഈ സംഭവത്തോടുള്ള ശ്രോതാക്കളുടെ അഥവാ വായനക്കാരുടെ പ്രത്യുത്തരം വിശ്വാസമാകണമെന്ന് സമർത്ഥിക്കാനാണ്. ആദ്യ ദൃക്സാക്ഷികൾ – യഹൂദർ– അപ്പം വർധിപ്പിക്കൽ സംഭവത്തിന്റെ ബാഹ്യമായ അർത്ഥത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. തന്മൂലം അവർ യേശുവിനെ ഒരു രാജകീയ ക്രിസ്തുവായി (Kingly Messiah) മാത്രം മനസ്സിലാക്കി (6:15). യേശു നല്കിയ ആഹാരം, അവിടുത്തെ കൃപയുടെ വാഗ്ദാനം, ജനക്കൂട്ടത്തിന് അവിടുത്തെ വ്യക്തിത്വത്തിന്റെ നേർക്കാഴ്ച നല്കിയെങ്കിലും അവർ യേശുവിന്റെ സ്വത്വത്തെ വളച്ചൊടിക്കാൻ ശ്രമിച്ചു: അവർ അവനെ രാജാവാക്കാൻ ശ്രമിച്ചു. യേശുവിനെ രാജാവാക്കാൻ മുതിരുന്നതിലൂടെ യഹൂദർ ദൈവത്തിന്റെ മഹത്ത്വം യേശുവിൽ ദർശിക്കുന്നതിനേക്കാൾ മനുഷ്യന്റെ മഹത്ത്വമനുസരിച്ച് (5:44) അവിടുത്തെ വിധിക്കുകയാണ്. അതുകൊണ്ട് യേശു ജനക്കൂട്ടത്തിൽനിന്നും പിൻമാറി (6:15). അപ്രകാരം, ലൗകികമായ ശക്തി അവകാശപ്പെടാതെതന്നെ തന്റെ കൃപ ജനത്തിന് വാഗ്ദാനം ചെയ്യാനാകുമെന്ന് യേശു കാണിച്ചുകൊടുത്തു. ആയതിനാൽ, ദിവ്യകാരുണ്യത്തിലെ യേശുവിന്റെ ദൈവികസാന്നിധ്യം വിശ്വാസത്തിന്റെ മിഴികളിലൂടെ മാത്രമേ തെളിഞ്ഞുവരുകയുള്ളൂ.

4. എലീഷാപ്രവാചകൻ തന്റെ ഗുരുവായ ഏലിയാപ്രവാചകന്റെ പിൻഗാമിയായി (2 രാജാ 2:1–25). തന്റെ ഗുരുവിനേക്കാൾ അദ്ഭുതങ്ങൾ ഏകദേശം ഇരട്ടിപ്പിക്കുകയും തുടക്കത്തിൽ ദൈവം തന്റെ ഗുരുവിനോട് കല്പിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തുകൊണ്ട് പ്രത്യക്ഷത്തിൽതന്നെ പ്രവൃത്തിയിലും കഴിവിലും തന്റെ ഗുരുവിനെ മറികടക്കുകയും ചെയ്തു. എലീഷാ പ്രവാചകൻ ചെയ്

ത അദ്ഭുതകരമായ പ്രവൃത്തികളാണ് രാജാക്കന്മാരുടെ രണ്ടാം പുസ്തകം 4-ാം അധ്യായം വിവരിക്കുന്നത് 1) ഒഴിഞ്ഞപാത്രം എണ്ണകൊണ്ട് നിറയ്ക്കുന്നു (4:1-7); 2)മക്കളില്ലാത്ത ദമ്പതികൾക്ക് കുഞ്ഞിനെ നല്കുന്നു (4:8-17); 3) കുഞ്ഞിനെ മരണത്തിൽനിന്ന് ഉയിർപ്പിക്കുന്നു (4:18-37); 4) ഭക്ഷണത്തിലെ വിഷം നിർവീര്യമാക്കുന്നു (4:38-41); 5) അപ്പം വർധിപ്പിക്കുന്നു (4:42-44). മേൽ സൂചിപ്പിച്ചവയിൽ അവസാനത്തെ അദ്ഭുതപ്രവൃത്തിയാണ് ഇന്നത്തെ ഒന്നാം വായന. എലീഷ പ്രവാചകൻ പ്രവർത്തിച്ച അദ്ഭുതങ്ങൾ ലൗകികമായവയാണ്: മനുഷ്യരുടെ ദൈനംദിന ജീവിതത്തിൽ ആവശ്യമായി വരുന്നവ, മനുഷ്യർക്ക് സന്തോഷം പ്രദാനം ചെയ്യുന്നവ, പ്രവാചകൻ നിവർത്തിക്കുന്നു. ഒപ്പം, പ്രവാചകന്റെ അദ്ഭുതങ്ങളിലെ മറ്റൊരു സവിശേഷത, ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി അദ്ഭുതം പ്രവർത്തിക്കുന്നുവെന്നതാണ്: നൂറാളുകൾക്ക് കുറച്ച് അപ്പംകൊണ്ട് അദ്ഭുതകരമായി ആഹാരം നല്കുന്നു. ലഭ്യമായ വിഭവത്തിലൂടെ ദൈവം ഏവർക്കും ഭക്ഷണം നല്കുന്നുവെന്ന ആത്മവിശ്വാസം പ്രവാചകൻ ആവർത്തിക്കുന്നു. പ്രവാചകൻ കല്പിച്ചതുപോലെ ശുശ്രൂഷകൻ പ്രവർത്തിച്ചു, ദൈവം എല്ലാവർക്കും അധികമായി നല്കി.

## സന്ദേശം

പുതിയ നിയമം വരച്ചുകാട്ടുന്ന അദ്ഭുതപ്രവർത്തകനെ പഴയ നിയമം എലീഷ പ്രവാചകനിലൂടെ മുൻകൂട്ടി സൂചിപ്പിക്കുന്നു. ദൈവത്തിൽ വിശ്വസിക്കുന്നവർ ഒരിക്കലും ആകുലപ്പെടേണ്ടതില്ല എന്ന സന്ദേശമാണ് ഇവിടെ പ്രധാനമായും ലഭിക്കുന്നത്. ദൈവത്തിലുള്ള വിശ്വാസം അസാധ്യമാണെന്നുതോന്നുന്നതെല്ലാം സാധ്യമാക്കുന്നു. നമുക്കുള്ളത് കുറച്ചാണെങ്കിലും പൂർണമായി ദൈവത്തിന്റെ - യേശുവിന്റെ - കരങ്ങളിൽ വച്ചുകൊടുക്കാൻ തയ്യാറായാൽ അതു വർധിച്ച് എല്ലാവർക്കും സുഭിക്ഷാനുഭവം നല്കും. അത് പകർന്നു നല്കി അദ്ഭുതം പ്രവർത്തിക്കാൻ നാം ക്ഷണിക്കപ്പെടുന്നു. അതിനുള്ള ശക്തി നാം സംഭരിക്കുന്നത് ദിവ്യകാരുണ്യത്തിൽനിന്നാണ്.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## പരനിൽ വിടരാൻ, അപരനിൽ പടരാൻ

പുറപ്പാട് പുസ്തകത്തിൽ മോശയുടെ സുന്ദരമായ ഒരു ചോദ്യമുണ്ട്: "അവിടുത്തെ പേര് എന്തെന്ന് ചോദിച്ചാൽ ഞാനെന്തു മറുപടി പറയണം" (പുറ 3:13). ഈ ചോദ്യത്തിനുള്ള ഉത്തരമാണ് വെളിപാട് പുസ്തകംവരെ നീളുന്ന രക്ഷാകരചരിത്രം. കരുതലിന്റെ തമ്പുരാനെപറ്റിയുള്ള കഥ പറയുന്ന പുസ്തകം. ഈജിപ്തിന്റെ അടിമത്തത്തിൽ സർവ്വവും നഷ്ടമായി സന്തതിപരമ്പരപോലും അറ്റുപോകും എന്ന അവസ്ഥയിൽ വാവിട്ടു കരഞ്ഞ ജനത്തിന്റെ മുന്നിൽ അവൻ ചെങ്കടലിലൂടെ വഴിതുറന്ന് തേനും പാലും നിറഞ്ഞ സമൃദ്ധിയുടെ കാനാനിലേക്കു കൂട്ടിക്കൊണ്ടുപോന്നു. വഴിയാത്രയിൽ മന്നയും കാടപ്പക്ഷിയും നൽകി. ചൂടുകൊണ്ടുതളരാതിരിക്കാൻ മേഘവിരിപ്പായും ഇരുളിൽ പതറാതിരിക്കാൻ ദീപമായും കൂടെ നടന്നു. പെസഹായുടെ ഓർമയാചരണം ഈ കൂടെനടപ്പിന്റെ അനുസ്മരണംതന്നെയായിരുന്നുവെങ്കിലും പഴയനിയമജനതയുടെ ദൈവികവിചാരത്തിൽ പ്രതാപിയായ രാജാവിന്റെ മുഖത്തിനായിരുന്നു പ്രാധാന്യം. സങ്കീർത്തനത്തിലും പ്രവാചകഗ്രന്ഥങ്ങളിലും നല്ലിടയന്റെ ചിത്രമുണ്ടെങ്കിലും അത് അത്രകണ്ട് ജനമനസ്സിൽ നിറഞ്ഞുനിൽക്കുന്ന ഒന്നായിരുന്നില്ല.

യേശു നമുക്ക് വെളിവാക്കിയ ദൈവികമുഖത്തിന്റെ വിപ്ലവവും ഈ കരുതലിന്റെ മുഖമാണ്. മുന്നിലായിരിക്കുന്നവന്റെ കണ്ണുകളിൽ ആവശ്യങ്ങൾ വായിച്ചെടുത്തു പ്രതികരിക്കുന്ന ഒരു ദൈവികഭാവം. കൂടെയായിരിക്കുന്നവന്റെ വിശപ്പറിഞ്ഞ് അപ്പം നൽകുന്ന ദൈവം. ഇവർക്ക് ഭക്ഷിക്കാൻ നാം എവിടെ നിന്ന് അപ്പം വാങ്ങും? ഈ ചോദ്യത്തിന് ഈ കാലഘട്ടത്തിൽ പ്രസക്തി ഏറുകയാണ്. ആവശ്യക്കാരുടെ നീണ്ടനിര നമുക്കുമുന്നിൽ നീളുകയാണ്. പ്രകൃതി ദുരന്തവും മഹാമാരികളും ജീവിതത്തെ കാർന്നുതിന്നുമ്പോൾ ആവശ്യക്കാർ നമ്മുടെ ചുറ്റും പെരുകുകയാണ്. കരുതലിന്റെ ദൈവമുഖത്തിന് ഇന്ന് പ്രാധാന്യമേറുന്നു. ജനബാഹുല്യംകൊണ്ട് നഷ്ടമാകുന്നതല്ല നന്മയുടെ പ്രകരണങ്ങൾ. ആവശ്യക്കാർ ഏറെയുണ്ടെന്ന കാരണത്താൽ നിനക്ക് മാളത്തിൽ ഒളിക്കാൻ അനുവാദമില്ല. നിന്നെക്കൊണ്ട് എന്ത് ചെയ്യാൻ സാധിക്കുമെന്നു ചിന്തിക്കാൻ കഴിയണം. നിന്റെ കരം ശൂന്യമായിരിക്കുമ്പോഴും ദൈവത്തിന് പ്രവർത്തിക്കാനുള്ള വഴി തുറന്നിടാൻ നിനക്ക് ഉത്തരവാദിത്വമുണ്ട്. ആവശ്യവുമായി തുലനം

Date of Publication: 13 June 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 28)

ചെയ്യുമ്പോൾ കൈയിലുള്ളത് നിസ്സാരമായിരിക്കാം. ക്രിസ്തുവിന്റെ കണ്ണോടെ ആവശ്യക്കാരനിലേക്കും അന്ത്രയോസിന്റെ കണ്ണോടെ സന്മനസ്സുള്ളവരിലേക്കും നോക്കാൻ നമുക്കാവണം.

തൃപ്തിയാവുകയും മിച്ചം വരികയും ചെയ്യുന്ന കരുതലാണ് നമ്മുടെ ദൈവത്തിന്റേത്. ദൈവത്തിലേക്ക് ഉയർത്തിപ്പിടിച്ച കരം അപരനുവേണ്ടി തുറക്കുകകൂടി ചെയ്തെങ്കിലേ സുവിശേഷപ്രഘോഷണം അർത്ഥപൂർണമാവു. തൃപ്തിയടഞ്ഞ മനുഷ്യർ പറഞ്ഞു: ലോകത്തിലേക്ക് വരാനിരിക്കുന്ന പ്രവാചകൻ സത്യമായും ഇവനാണ്. നമ്മുടെ പ്രവർത്തനശൈലിയിൽ തൃപ്തി അനുഭവിക്കുന്ന മനുഷ്യർ ക്രിസ്തുവിനെയും സ്വീകരിക്കും. ഒരു വാക്കുപോലും ഉരുവിടാതെ സുവിശേഷം പ്രഘോഷിച്ചു മടങ്ങിയെത്തിയ ഫ്രാൻസിസ് അസീസ്സിയുടെ കഥ നമ്മോട് പറയുന്ന സത്യവും ഇതുതന്നെയാണ്. സുവിശേഷം പ്രവർത്തിയിലൂടെ വരച്ചുകാണിക്കാൻ നമുക്കാവണം. അപ്പമാകാൻ സ്വയം തീരുമാനിച്ച വചനത്തിന്റെ കർമപഥംതന്നെയാണ് സഭയ്ക്കും പിന്തുടരാനുള്ളത്. കരുതൽ സമ്പാദ്യങ്ങളുള്ളവനെ ആവശ്യക്കാരന്റെ മുന്നിൽ എത്തിക്കുക എന്ന വലിയ ദൗത്യം നിറവേറ്റാനുള്ള വിളിയാണ് കോവിഡ് മഹാവ്യാധി കെട്ടിയടച്ച ഈ കാലഘട്ടത്തിൽ സഭക്കുള്ളതെന്ന് അറിഞ്ഞുജീവിക്കാം.

**ഫാ. ജോൺസൺ തൗണ്ടയിൽ**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Anaswara Offset, Kochi*